LIBRARY ARCHIVES Kerala Legislative Assembly.

റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

76 [1387] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പേട്ട-ആനയറ റോഡിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) റെയിൽവേ മേൽപ്പാലം പണി എന്നേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 57 റെയിൽവേ മേൽപ്പാലങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പേട്ട-ആനയറ റോഡിലെ റെയിൽവേ മേൽപ്പാലത്തിന് അനുമതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലാ ഡിപ്പോയിൽ നിന്ന് കാസർഗോഡ്-കണ്ണൂർ നാഷണൽ ഹൈവേ വഴിയുള്ള ടൗൺ-ടു-ടൗൺ സർവ്വീസുകൾ

77 [1388] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്ന് കാസർഗോഡ്-കണ്ണൂർ നാഷണൽ ഹൈവേ വഴി മേയ് 2001 -വരെ എത്ര ടൗൺ-ടു-ടൗൺ ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഏറെ ലാഭത്തിലുള്ള പ്രസ്തുത സർവ്വീസുകൾ കുറവു ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-ൽ 10 ടൗൺ-ടു-ടൗൺ സർവ്വീസുകൾ ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ 14 ടൗൺ-ടു-ടൗൺ സർവ്വീസുകൾ നടത്തുന്നുണ്ട്.

(സി) പ്രസ്തുത സർവ്വീസുകളിൽ കുറവ് വരുത്തിയിട്ടില്ല. എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.